# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.686 29.05.2019-ൽ മറുപടിക്ക്**

വെട്ടുവിട്ടക്കാട് ട്രൈബൽ കോളനിയിൽ വൈദ്യുതി

| | ചോദ്യം<br>ശ്രീ ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ)<br><br><br><br>(ബി) | അതിരപ്പിള്ളി പഞ്ചായത്തിലെ വെട്ടു വിട്ടക്കാട് പട്ടികവർഗ്ഗ കോളനിയിലെ 13 കുടുംബങ്ങൾക്ക് ഇനിയും വൈദ്യുതി ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ<br><br>ഇവിടെ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പള്ളിയിലെ വെട്ടു വിട്ടക്കാട് കോളനി കേരള തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന കോളനിയാണ്. നിലവിലുള്ള 11 കെ വി ലൈനിൽ നിന്നും വളരെ കൂടുതൽ ദൂരം ലൈൻ വലിച്ച മാത്രമേ ഈ പ്രദേശത്ത് വൈദ്യുതി എത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് വലിയ പണച്ചെലവും അതോടൊപ്പം ഫോറസ്റ്റ് അധികൃതരിൽ നിന്നുള്ള അനുമതിയും കൂടി ആവശ്യമായി വരുന്നതിനാൽ ലൈൻ സ്ഥാപിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രദേശങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. പാനലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പ്രദേശവാസികളുടെ സഹകരണമില്ലായ്മമൂലം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | വെട്ടുവിട്ടക്കാട് ട്രൈബൽ കോളനിയിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കുവാനും അടിയന്തരമായി വൈദ്യുതി എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | വെട്ടുവിട്ടക്കാട് കോളനിയിൽ സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്ന പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ച്, സൺ എനർജി സൊല്യൂഷൻ എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും കോളനിയിൽ സ്ഥാപിക്കാനുള്ള 22 സോളാർ പാനലുകൾ, പ്രസ്തുത കോളനി ഉൾപ്പെടുന്ന പരിയാരം സെക്ഷൻ ഓഫീസിൽ, കമ്പനി നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രദേശവാസികൾ പരമ്പരാഗത മാർഗങ്ങളിലൂടെയുള്ള വൈദ്യുതി മാത്രം മതിയെന്നു ശഠിക്കുകയും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനെ എതിർക്കുകയും ചെയ്തതിനാൽ ടി സ്ഥാപനം സോളാർ പാനലുകൾ സ്ഥാപിക്കുകയോ അനുബന്ധ ഉപകരണങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ